"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- ശ്രീ.ശേഖരൻ കെ.വി., കയ്യിടവഴിയിൽ എന്ന വ്യക്തിക്ക് പുനർഗേഹം പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.180/2026/F&P   തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-
1. ശ്രീ. ശേഖരൻ കെ.വി.യുടെ അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 14/02/2026-ലെ DFTVM/552/2023-S3PIU നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ശേഖരൻ.കെ.വി, കയ്യിടവഴിയിൽ, രാജീവ് നഗർ കോളനി, മാറാട്, അരക്കിണർ പി.ഒ., കോഴിക്കോട് എന്ന വ്യക്തി പുനർഗേഹം പദ്ധതിയെക്കുറിച്ച് യഥാസമയം അറിയാത്തതിനാൽ അപേക്ഷ സമർപ്പിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. പിന്നീട് പലരുടെയും സഹായത്താൽ സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതായും, പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന വീഴ്ച മാപ്പാക്കി പ്രസ്തുത സ്ഥലത്തു വീട് നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകുന്നതിന് സഹായം ലഭ്യമാക്കണമെന്നും കാണിച്ച് പരാമർശം (1) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2) അപേക്ഷകൻ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ടതും, ബേപ്പൂർ മത്സ്യഭവന്റെ കീഴിൽ വരുന്നതുമായ മാറാട് മത്സ്യഗ്രാമത്തിൽ തീരദേശവേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്ന വ്യക്തിയുമാണ്. പ്രസ്തുത സ്ഥലത്ത് അപേക്ഷകന് സ്വന്തമായി വീട് ഉണ്ടെങ്കിലും, വീട് പൊളിഞ്ഞുവീഴാറായ നിലയിലായതിനാലും, ആസ്ത്മയുടെ ബുദ്ധിമുട്ട് ഉള്ളതിനാലും 3 വർഷത്തോളമായി കുടുംബത്തോടൊപ്പം ബേപ്പൂർ പ്രദേശത്ത് വാടകയ്ക്ക് താമസിച്ചുവരികയാണ്. ആയതിനാൽ തന്നെ പുനർഗേഹം പദ്ധതി പ്രകാരമുള്ള സർവ്വേ ലിസ്റ്റിലോ, ഫീൽഡ്തല അന്വേഷണ സമയത്ത് വീട് അടച്ചിട്ടതായതിനാൽ പിന്നീട് നടത്തിയ സർവ്വേ പ്രകാരം അപ്പീൽ ലിസ്റ്റിലോ അപേക്ഷകൻ ഉൾപ്പെട്ടിട്ടില്ലായിരുന്നു. ടിയാൻ സ്വന്തമായി സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിന് ശേഷമാണ് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നത്. ആയതിനാൽ, ശ്രീ.ശേഖരൻ.കെ.വി-യ്ക്ക് ടി പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ആനുകൂല്യം നൽകാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) കോഴിക്കോട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ 22/06/2024 തീയതിയിലെ ജില്ലാതല സമിതിയുടെ (DLMC) യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്തിരുന്നു. അപേക്ഷകൻ തീരദേശ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നയാളാണെന്ന വസ്തുത പരിഗണിച്ച് ടിയാന് വീട് വെയ്ക്കാനുള്ള ധനസഹായമായി 4,00,000/- (നാല് ലക്ഷം രൂപ മാത്രം) അനുവദിക്കാമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) പുനർഗേഹം പദ്ധതി പ്രകാരം സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടതും സുരക്ഷിതമേഖലയിൽ സ്വന്തമായി ഭൂമി ഉള്ളവരുമായവർക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി പരിഗണിച്ച 355 ഗുണഭോക്താക്കളുടെ പട്ടികയിൽ ശ്രീ.ശേഖരൻ കെ.വി-യുടെ പേര് ഉൾപ്പെട്ടിരുന്നില്ലെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ട ഭൂരിപക്ഷം പേർ, ഭവന നിർമ്മാണ ചെലവ് വർദ്ധിച്ചതിനാൽ 4 ലക്ഷം രൂപയ്ക്ക് ഭവന നിർമ്മാണത്തിന് നിലവിൽ സന്നദ്ധരല്ലാത്ത സാഹചര്യമാണുള്ളതെന്നും, ആയതിനാൽ ശ്രീ.ശേഖരൻ കെ.വി.-യുടെ ഇപ്പോഴത്തെ ജീവിതാവസ്ഥയും ഭവന നിർമ്മാണത്തിനുള്ള തുക അനുവദിക്കണമെന്ന അപേക്ഷയും ജില്ലാതല സമിതിയുടെ അനുകൂല തീരുമാനവും പരിഗണിച്ച് പുനർഗേഹം പദ്ധതി പ്രകാരം ടിയാന് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പാരമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.ശേഖരൻ കെ.വി., കയ്യിടവഴിയിൽ,രാജീവ് നഗർ കോളനി, മാറാട്, അരക്കിണർ പി.ഒ., കോഴിക്കോട് എന്ന വ്യക്തിയുടെ നിലവിലെ ജീവിത സാഹചര്യവും, ജില്ലാതല സമിതിയുടെ അനുകൂല തീരുമാനവും പരിഗണിച്ച് പുനർഗേഹം പദ്ധതി പ്രകാരം ടിയാന് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 28-02-2026 10:03:31